# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ 1191 | | 04.02.2019-ൽ<br>മറുപടിക്ക് | |
|---|---|---|---|
| **കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | എ) | കല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കല്യാശ്ശേരി വില്ലേജ് പരിധിയിലുള്ള കല്യാശ്ശേരി അംശം ദേശത്ത് ധർമ്മശാല എന്ന സ്ഥലത്ത് റീസർവ്വെ നമ്പർ 387/2-ൽ പെട്ട 58 സെന്റ് സ്ഥലത്ത് എക്സൈസ് വകുപ്പിന് കൂടി ഒന്നിച്ച് കെട്ടിടം നിർമ്മിക്കാവുന്നതാണോയെന്ന് കണ്ണൂർ ജില്ലാ കലക്ടർ പരിശോധിച്ച് വരികയാണ്.<br>അതേസമയം, കല്യാശ്ശേരി സബ് രജിസ്ട്രാർ ആഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി ബക്കളം അംശം കാന്നൂർ ദേശത്ത് ശ്രീ നെല്ലിയോട്ട് ഭഗവതി ക്ഷേത്രം വക 10 സെന്റ് സ്ഥലം വിട്ടുനൽകുന്നതിനുള്ള സമ്മതപത്രം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണോയെന്ന കാര്യവും പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**